## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2412** **21-01-2021 - ൽ മറുപടിയ്ക്ക്**

## കയർ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധിമൂലം ബുദ്ധിമുട്ടിലായ കയർ തൊഴിലാളികൾക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്; | (എ) | കോവിഡ് പ്രതിസന്ധി മൂലം ബുദ്ധിമുട്ടിലായ കയർ തൊഴിലാളികൾക്ക് 1000/- രൂപ വീതം പ്രത്യേക ധന സഹായവും കോവിഡ് 19 ബാധിച്ച കയർ തൊഴിലാളികൾക്ക് 4000/- രൂപ വീതം പ്രത്യേക ധന സഹായവും നൽകി വരുന്നു. പെൻഷൻ കാർക്ക് ഏപ്രിൽ മാസം 6100/- രൂപ പ്രകാരവും ജൂലൈ മാസം 2600/- രൂപ പ്രകാരവും പെൻഷൻ നൽകുകയും തുടർന്ന് സെപ്റ്റംബർ മുതൽ പ്രതിമാസ അടിസ്ഥാനത്തിൽ പെൻഷൻ നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ സംഘങ്ങളോടൊപ്പം തന്നെ യൂണിറ്റ് അടിസ്ഥാനത്തിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്ക് അവരുടെ വീടുകളിൽ ചകിരി കയർഫെഡ് എത്തിച്ചുകൊടുത്തു. ഇത് കയർ മേഖലയിലെ തൊഴിൽ നഷ്ടം കുറയ്ക്കുന്നതിലെ ഫലപ്രദമായ ഇടപെടലായിരുന്നു. |
| (ബി) | യന്ത്രവൽക്കരണം പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമെന്ന് അറിയിക്കുമോ; | (ബി) | യന്ത്രവൽക്കരണം പരമ്പരാഗത മേഖലകളിലെ തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കയർ മേഖല സമ്പൂർണ്ണ യന്ത്രവത്ക്കരണത്തിലൂടെ ആധുനികവത്ക്കരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന കയർ രണ്ടാം പുന:സംഘടന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുക എന്നതാണ് കയർ രണ്ടാം പുന:സംഘടനയുടെ സവിശേഷത. ഇതിനായി പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കുന്നു. ഇവർ ഉല്പാദിപ്പിക്കുന്ന മുഴവൻ |

| | | | |
|---|---|---|---|
| | | | കയറും കയർഫെഡ് വഴി സംഭരിക്കുന്നു. ഈ കയറുകൾ വിറ്റഴിക്കുന്നതിന് സർക്കാർ സബ്സിഡി നൽകിവരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 2016-17 മുതൽ പ്രതിവർഷം ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം-1ൽ ചേർത്തിരിക്കുന്നു. ഡിസ്കൗണ്ട് നൽകി പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ വിറ്റഴിക്കുന്നതിനായി കയർഫെഡിന് നൽകിയ പി.പി.എസ്.എസ് തുകയുടെ വിശദാംശങ്ങൾ അനുബന്ധം-2ൽ ചേർക്കുന്നു. കയർ മേഖലയിൽ ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും തൻമൂലം വരുമാനം കൂടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നു. കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ തൂക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരമാവധി 500 രൂപവരെ സർക്കാർ സഹായമില്ലാതെ തൊഴിലാളിക്ക് ഇത്തരം സംഘങ്ങളിൽ ലഭിക്കുന്നുണ്ട്. എന്നാൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിലേയ്ക്ക് മാറാൻ കഴിയാത്ത ഒരു തൊഴിലാളിക്കും തൊഴിൽ നഷ്ടപ്പെടുകയില്ലെന്ന് ഉറപ്പ് വരുത്തിക്കൊണ്ടാണ് സർക്കാർ സമ്പൂർണ്ണയന്ത്രവൽക്കരണ പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് തന്നെ കയർ രണ്ടാം പുന:സംഘടന വിജയകരമായി നടപ്പാക്കിവരുന്നു. |
| (സി) | കയർപിരി സംഘങ്ങളിലെ തൊഴിലാളികളുടെ വാർഷിക വരുമാനം ഉയർത്തുന്നതിനും തൊഴിലാളികളുടെ പ്രതിദിന വരുമാനം 600 രൂപ ഉറപ്പ് വരുത്തുന്നതിനും സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ? | (സി) | കയർപിരി സംഘങ്ങളിലെ തൊഴിലാളികളുടെ വാർഷിക വരുമാനം ഉയർത്തുന്നതിനും തൊഴിലാളികളുടെ പ്രതിദിന വരുമാനം 500 രൂപ ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച കയർ സഹകരണ സംഘങ്ങളിലെ ഉല്പാദനക്ഷമതയെപ്പറ്റി പഠനം നടത്തുവാൻ വേണ്ടി കയർഫെഡ് പ്രസിഡൻറ് ശ്രീ. എൻ. സായികുമാർ ചെയർമാനായി ഒരു കമ്മറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മറ്റി കേരളത്തിലെ വിവിധ കയർ സഹകരണ സംഘങ്ങളിൽ പഠനം നടത്തുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പ്രതിദിനം നിശ്ചിത റണ്ണേജിലും തൂക്കത്തിലും വൈക്കം |

| | | | |
|---|---|---|---|
| | | | ലൂസ് ടിസ്റ്റ് കയർ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിൽ ഉല്പാദിപ്പിക്കുന്ന തൊഴിലാളിക്ക് 500 രൂപ എന്ന നിരക്കിൽ പ്രതിദിന വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം-3ൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

| വർഷം | അനുവദിച്ച തുക |
|---|---|
| 2015-2016 | 12,45,00,000/- |
| 2016-2017 | 12,44,50,000/- |
| 2017-2018 | 15,07,33,457/- |
| 2018-2019 | 22,64,08,498/- |
| 2019-2020 | 19,67,94,321/- |

**അനുബന്ധം -2**

| വർഷം | തുക |
|---|---|
| 2016-17 | 21,38,00,000 |
| 2017-18 | 25,40,71,758 |
| 2018-19 | 29,41,85,685 |
| 2019-20 | 29,76,99,041 |
| 2020-21 നാളിതുവരെ | 15,64,32,238 |

**അനുബന്ധം -3**

| കയർ ഇനം | റണ്ണേജ് | തൂക്കം |
|---|---|---|
| വൈക്കം ലൂസ് ട്വിസ്റ്റ് കയർ | 140 | 57 കിലോഗ്രാം |
| വൈക്കം ലൂസ് ട്വിസ്റ്റ് കയർ | 160 | 50 കിലോഗ്രാം |
| വൈക്കം ലൂസ് ട്വിസ്റ്റ് കയർ | 180 | 44 കിലോഗ്രാം |
| വൈക്കം ലൂസ് ട്വിസ്റ്റ് കയർ | 200 | 40 കിലോഗ്രാം |
| വൈക്കം ലൂസ് ട്വിസ്റ്റ് കയർ | 220 | 30 കിലോഗ്രാം |
| ബ്രൗൺ ഫൈബർ ലൂസ് ട്വിസ്റ്റ് | 160 | 50 കിലോഗ്രാം |